പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാത ദേശീയപാത നിലവാരത്തിൽ വികസിപ്പിക്കൽ

284 (1318) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാത ദേശീയപാത നിലവാരത്തിൽ വികസിപ്പിക്കുന്നതിനായി K.S.T.P.-യെ ഏൽപ്പിച്ചത് എന്നാണ് ;

(ബി) പ്രസ്തുത റോഡിന്റെ എത്ര കിലോമീറ്റർ ഭാഗമാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത് ; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത് ; പ്രസ്തുത ഫണ്ട് എവിടെ നിന്നുമാണ് ലഭ്യമായിട്ടുള്ളത് ; നിർമ്മാണം പൂർത്തിയാക്കിയ വർഷം ഏത് ;

(സി) ഇപ്പോൾ പ്രസ്തുത റോഡിന്റെ നിർമ്മാണം നടക്കുന്നുണ്ടോ ; ഏതു ഭാഗമാണ് നിർമ്മിക്കുന്നത് ; എത്ര കിലോമീറ്റർ ; ഇതിനായി എത്ര തുകയാണ് ചെലവഴിക്കുന്നത് ; പ്രസ്തുത ഫണ്ട് ഏത് ഏജൻസിയിൽനിന്നുമാണ് ലഭ്യമാക്കിയിട്ടുള്ളത് ;

(ഡി) റോഡിന്റെ തുടക്കമായ പുനലൂരിൽ നിന്നും 3 ജില്ലകളിലൂടെ കടന്ന് പൊൻകുന്നംവരെ എത്തുന്ന പ്രസ്തുത റോഡിന്റെ ഭാഗം ഇതേവരെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) റോഡിന്റെ വികസനം K.S.T.P.-ക്ക് കൈമാറിയതുമുതൽ ഈ റോഡിൽ വർഷാ വർഷം കുഴികൾ അടയ്ക്കുന്നതിനു മാത്രമാണ് നാമമാത്രമായി ഫണ്ടനുവദിക്കാറുള്ളത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) കാലവർഷമാകുന്നതോടെ റോഡ് തകരുന്നതുമൂലം ഈ റോഡിലൂടെ വാഹനയാത്ര ദുഷ്കരമാകുന്നതിനാൽ അടിയന്തരമായി ഈ റോഡ് നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മൂന്ന് ഭാഗങ്ങളായി വികസിപ്പിക്കുന്ന പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ പുനലൂർ-പൊൻകുന്നം ഭാഗം PPP Hybrid Annuity ആയി ആണ് വികസിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ഭാഗം കെ.എസ്.ടി.പി. ഏറ്റെടുത്തിട്ടില്ല. ബാക്കിയുള്ള പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള ഭാഗം കെ.എസ്.ടി.പി ഏറ്റെടുത്തത് 28-5-2014-ലും തൊടുപുഴ - മൂവാറ്റുപുഴ ഭാഗം ഏറ്റെടുത്തത് 16-12-2012-ലും ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ തൊടുപുഴമുതൽ മൂവാറ്റുപുഴവരെയുള്ള 17.83 കി.മീ. റോഡ് ലോക ബാങ്ക് ധനസഹായത്തോടെ 2007-ൽ പൂർത്തിയാക്കിയിട്ടുണ്ട്. തൊടുപുഴ-മൂവാറ്റുപുഴ റോഡിനും മൂവാറ്റുപുഴ-അങ്കമാലി റോഡിനുംകൂടി ആകെ 112.79 കോടി രൂപയാണ് ചെലവായത്.

(സി) ഉണ്ട്. ലോകബാങ്കിന്റെ ധനസഹായത്തോടെ പൊൻകുന്നംമുതൽ തൊടുപുഴ വരെയുള്ള 50.22 കി.മീ. ഭാഗമാണ് നിർമ്മിക്കുന്നത്. ഇതിനായി ഏകദേശം 227 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. PPP Hybrid Annuity (പൊതു സ്വകാര്യ പങ്കാളിത്തത്തോടെ) ആയിട്ടാണ് പ്രസ്തുത റോഡ് വികസിപ്പിക്കുന്നത്.

(ഡി) ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കി കരാറുകാരെ കണ്ടെത്തുന്നതിനുവേണ്ടി ഇൻവെസ്റ്റർ മീറ്റ് നടത്തുകയുണ്ടായി. കരാറുകാരെ പ്രീ-ക്വാളിഫൈ ചെയ്യുന്നതിനുള്ള RFQ (Request for Qualification) ഡോക്യുമെന്റിന് ലോക ബാങ്കിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്.

(ഇ&എഫ്) ടി റോഡ് കെ.എസ്.ടി.പി. ഏറ്റെടുത്ത് നവീകരിക്കുന്നതുവരെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള റോഡ് ഭാഗത്തെ അറ്റകുറ്റപ്പണി പൊതുമരാമത്ത് റോഡ് വിഭാഗം നടത്തുന്നുണ്ട്.

വാളയാർ വടക്കാഞ്ചേരി ദേശീയപാത പ്രവൃത്തി പുരോഗതി

285 (1319) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാളയാർ-വടക്കാഞ്ചേരി ദേശീയപാത നാല് വരിയാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ :

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാത 47-ൽ വാളയാർമുതൽ വടക്കാഞ്ചേരിവരെ ബി.ഒ.ടി. (ടോൾ) അടിസ്ഥാനത്തിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ 18-5-2013-ന് ആരംഭിക്കുകയും 13-11-2015-ന് പദ്ധതി പൂർത്തീകരിക്കുവാൻ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പൂർത്തീകരണത്തെക്കുറിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly